പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4847

14/11/2019-ൽ മറുപടിയ്ക്ക്

**പുത്തൻതോട് സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തി**

ചോദ്യം

**ശ്രീ. ജോൺ ഫെർണാണ്ടസ്**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കൊച്ചി നിയോജക മണ്ഡലത്തിൽ പെട്ടതും മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചു കോടി രൂപ അനുവദിച്ചതുമായ പുത്തൻതോട് സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) കൊച്ചി നിയോജക മണ്ഡലത്തിൽപെട്ടതും മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചു കോടി രൂപ അനുവദിച്ചതുമായ പുത്തൻതോട് സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പൈൽ ഫൗണ്ടേഷന്റെ പണികൾ പുരോഗമിക്കുകയാണ്. |
| (ബി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. |
| (സി) ഈ പദ്ധതിയുടെ മാസ്റ്റർപ്ലാനിന്റെ ഭാഗമായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; പ്രസ്തുത തുക വിനിയോഗിച്ച് ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെന്ന് വിശദമാക്കാമോ? | (സി) മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെട്ട ഒരോ സ്കൂളിന്റെയും മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തുന്നത്. ആസ്തിവികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുകയും കിഫ്ബി ഫണ്ടും ഉൾപ്പെടെ 6.16 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രസ്തുത സ്കൂളിൽ ആരംഭിച്ചിരിക്കുന്നത്. |

Namitha P

**സെക്ഷൻ ഓഫീസർ**